**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-ഇടുക്കി ജില്ലയിലെ കുമിളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.രാം പ്രശാന്ത്.എസ്-ന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് കൊണ്ടും ടിയാന് അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിച്ച പഞ്ചായത്ത് ഡയറക്ടറുടെ നടപടി സാധൂകരിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ. (സാധാ) നം.**2415/2018/തസ്വഭവ** തീയതി, തിരുവനന്തപുരം, **13/09/2018**

പരാമർശം :1. സ.ഉ(എം.എസ്) നം.442/80/ജി.എ.ഡി, തീയതി 26.09.1980.

2. സ.ഉ(എം.എസ്) നം.180/81/ജി.എ.ഡി, തീയതി 03.06.1981.

3. പഞ്ചായത്ത് ഡയറക്ടറുടെ 19.11.2009 ലെ ഇ 6-28419/2009 നമ്പർ നടപടി ക്രമം.

4. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 23.09.2017 ലെ എ 3-1914/04 നമ്പർ നടപടിക്രമം.

5. പഞ്ചായത്ത് ഡയറക്ടറുടെ 15.05.2018 ലെ ഇ 6-20453/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ കുമിളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.രാം പ്രശാന്ത്.എസ്-ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിച്ചു

2. ശ്രീ.രാം പ്രശാന്ത് 11/12/2009 ൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം.ഒ.പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ടിയാന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 54 ദിവസത്തെ അയോഗ്യതാ ദിനങ്ങൾ ഉൾപ്പെടെ 03.02.2012 മുതൽ ഒരു വർഷത്തേക്ക് പരാമർശം (4) പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. 31.01.2014 ൽ ടിയാൻ എം.ഒ.പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 01.02.2014 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 02.02.2014 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്നാണ് പരാമർശം (5) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത്.

3. ശ്രീ.രാം പ്രശാന്ത്.എസ്, ആശ്രിത നിയമന വ്യവസ്ഥയിൽ 09.05.2008 ൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ആസ്ഥാന ഒഴിവിൽ തിരുവനന്തപുരം ജില്ലയിൽ

നിയമിതനാകുകയും 5 വർഷം പൂർത്തിയാകുന്നതിന് മുൻപ് ടിയാന് പഞ്ചായത്ത് വകുപ്പിലേക്ക് പരാമർശം (3) പ്രകാരം അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിക്കുകയും പഞ്ചായത്ത് വകുപ്പിൽ 11.12.2009 ൽ ക്ലാർക്കായി പ്രവേശിക്കുകയും ചെയ്തു. പരാമർശം(1), പരാമർശം(2) എന്നീ ഉത്തരവുകൾ പ്രകാരം നിയമിക്കപ്പെടുന്ന വകുപ്പിൽ അഞ്ചു വർഷ സേവനം പൂർത്തിയാക്കിയാൽ മാത്രമേ അന്തർ വകുപ്പ് സ്ഥലംമാറ്റത്തിന് അർഹതയുള്ളൂ എന്നിരിക്കേ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ആസ്ഥാന ഒഴിവിൽ നിയമിതനായ ശ്രീ.രാം പ്രശാന്ത്.എസ്-ന് പഞ്ചായത്ത് വകുപ്പിലേക്ക് അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിച്ച പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) നടപടി ക്രമം ചട്ട വിരുദ്ധമാണ്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ഇടുക്കി ജില്ലയിലെ കുമിളി ഗ്രാമപഞ്ചായത്തിലെ ക്ലാർക്ക് ശ്രീ.രാം പ്രശാന്ത്.എസ്-ന്റെ പ്രൊബേഷൻ കാലയളവ് ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ച 31.01.2014 ന്റെ തൊട്ടടുത്ത ദിവസമായ 01.02.2014 പൂർവാഹ്നത്തിന് പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 02.02.2014 അപരാഹ്നം വരെ കെ.എസ്&എസ്.എസ്.ആർ, പാർട്ട് II, ജനറൽ റൂൾ 21 പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് കൊണ്ടും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ അഞ്ചു വർഷ സേവനം പൂർത്തിയാക്കാത്ത ശ്രീ.രാം പ്രശാന്ത്.എസ്-ന് പഞ്ചായത്ത് വകുപ്പിൽ അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിച്ച പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (3) നടപടിക്രമം, ശ്രീ.രാം പ്രശാന്ത്.എസ്-ന് അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിക്കപ്പെട്ടതിനാലും, ടിയാൻ നിലവിൽ പ്രസ്തുത വകുപ്പിൽ ജോലി ചെയ്യുന്നതും കണക്കിലെടുത്ത് പ്രസ്തുത നടപടി സാധൂകരിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീ.രാം പ്രശാന്ത്.എസ്-ന്റെ സീനിയോറിറ്റി ടിയാൻ അന്തർ വകുപ്പ് സ്ഥലംമാറ്റത്തിൽ പുതിയ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രം കണക്കാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

**ഗവ. അഡീഷണൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, കുമിളി ഗ്രാമപഞ്ചായത്താഫീസ്, ഇടുക്കി(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.

ഡയറക്ടർ, ഐ. കെ. എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 45/ഇപിഎ 1/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ